**11.06.2008**

All Kerala Press Release

***Ref:*** *180/KCBC/K-6/KPR/DS*

## കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി)
## 2008 ജൂൺ 10-11 തീയതികളിൽ കൈക്കൊണ്ട തീരുമാനങ്ങൾ

**1. അൽഫോൺസാമ്മയുടെ വിശുദ്ധപദവി പ്രഖ്യാപനം:** ഭാരതത്തിൽ നിന്നുള്ള വിശുദ്ധയായ അൽഫോൺസാമ്മയെ സാർവത്രികസഭ ഒക്ടോബർ 12-ന് വിശുദ്ധയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ കേരളത്തിൽ നിന്നുള്ള മെത്രാന്മാരും അല്മായ പ്രതിനിധികളും പങ്കെടുക്കും. ഒക്ടോബർ 13-ന് വത്തിക്കാനിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാബലി അർപ്പിക്കും. നവംബർ 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനത്തുവച്ച് കേരളസഭയുടെ നേതൃത്വത്തിൽ ആഘോഷപരിപാടികൾ നടത്തും. അൽഫോൺസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപിക്കുന്ന അവസരത്തിൽ കേരളത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലും സന്തോഷസൂചകമായി പള്ളിമണികൾ മുഴങ്ങും. അൽ ഫോൺസാമ്മയുടെ ജീവിതത്തെയും ആധ്യാത്മികതയെയും കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ പൊതുഇടയ ലേഖനം പ്രസിദ്ധീകരിക്കും. 2009-ൽ അൽഫോൺസാമ്മയുടെ ജന്മശതാബ്ദി പ്രമാണിച്ച് കേന്ദ്രഗവൺമെന്റ് നാണയം ഇറക്കുന്നതിനെക്കുറിച്ച് സജീവമായി പരിഗണിക്കുന്നുണ്ട്.

**2. വിവാദപാഠപുസ്തകങ്ങൾ:** സ്കൂൾ വിദ്യാർത്ഥികളുടെ ഇളംമനസ്സുകളിൽ മതവിരുദ്ധതയും നിരീശ്വരമനോഭാവങ്ങളും കുത്തിവയ്ക്കുന്ന പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന് കേരളത്തിലെ കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. മതനിഷേധത്തെ മഹത്വവത്കരിക്കുകയും വർഗസമര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ദേശീയവും പ്രാദേശികവുമായ ചരിത്രസംഭവ ങ്ങളെ വളച്ചൊടിക്കുകയും ചെയ്യുന്ന ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠ പുസ്തകം വിദ്യാർത്ഥികൾക്ക് തെറ്റായ വിവരങ്ങളാണ് നൽകുന്നത്. മതവിരുദ്ധ പാഠപുസ്തകങ്ങളോടുള്ള പ്രതിഷേധം സംസ്ഥാനാടിസ്ഥാനത്തിൽ പ്രകടമാക്കാൻ ജൂൺ 30-ാം തീയതി തിങ്കളാഴ്ച പ്രതിഷേധദിനമായി ആചരിക്കുവാൻ സമ്മേളനം തീരുമാനിച്ചു.

**3. ഏകജാലകപ്രവേശനം:** ഹയർ സെക്കന്ററികളിൽ മാനേജ്മെന്റ് സീറ്റുകളിലും കമ്മ്യൂ ണിറ്റി സീറ്റിലും വിദ്യാർത്ഥികളെ നിയമാനുസൃതം പ്രവേശിപ്പിക്കാനുള്ള അവകാശം സ്കൂൾ മാനേജ്മെന്റിനുണ്ട്. അതിനായി വിദ്യാർത്ഥികളുടെ വിശദാംശങ്ങളും വിദ്യാലയത്തിന്റെ മാനദണ്ഡങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള പ്രവേശനപത്രികകൾ വിദ്യാർത്ഥികളിൽ നിന്നും സ്വീകരിക്കാനുള്ള അവകാശം മാനേജ്മെന്റിനാണ്. വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കാനുള്ള മാനേജ്മെന്റിന്റെ അവകാശത്തിൽ കൈകടത്താനുള്ള സർക്കാരിന്റെ നീക്കത്തെ എതിർക്കുമെന്ന് സമ്മേളനം വ്യക്തമാക്കി.

**4. സന്യാസിനീപ്രവേശനത്തെക്കുറിച്ച് വനിതാ കമ്മീഷന്റെ പരാമർശം:** വസ്തുതകൾ അന്വേഷിച്ചറിയാൻ തയ്യാറാകാതെ സംസ്ഥാന വനിതാ കമ്മീഷൻ സന്യാസിനീ സമൂഹങ്ങളിലേക്കുള്ള അർത്ഥിത്വത്തെ സംബന്ധിച്ചു നടത്തിയ നിർദ്ദേശങ്ങളെ അതീവഗൗരവത്തോടെ കാണുന്നുവെന്നും കെ.സി.ബി.സി. വ്യക്തമാക്കി. കത്തോലിക്കാസഭയെക്കുറിച്ചോ സന്യാസമുൾപ്പെടെയുള്ള ജീവിതാന്തസ്സുകളെ സംബന്ധിച്ചോ സഭയുടെ തത്വങ്ങളെ സംബന്ധിച്ചോ കാനോനിക മായ ചട്ടങ്ങളെ സംബന്ധിച്ചോ ശരിയായ അറിവില്ലാതെയും പഠിക്കാൻ തയ്യാറാകാതെയുമാണ് വനിതാ കമ്മീഷൻ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. സമർപ്പിതരുടെ നിസ്വാർത്ഥ സേവനത്തിന്റെയും ത്യാഗത്തിന്റെയും ഗുണഫലങ്ങൾ കേരളസമൂഹത്തോളം മറ്റാരും അനുഭവിച്ചിട്ടുണ്ടാവില്ല. മതവിശ്വാസത്തിൽ നിന്നും ഉരുത്തിരിയുന്ന സന്യാസജീവിതത്തെയും അവർ ചെയ്യുന്ന സേവനങ്ങളെയും തെറ്റായി ചിത്രീകരിക്കുന്ന പ്രവണത നാടിന് ആപത്താണ്. മക്കൾക്ക് ഭാവിയെക്കുറിച്ച് സ്വപ്നം നൽകാനും ദൈവം നൽകിയ മക്കളെ നല്ലവരാക്കി വളർത്തിക്കൊണ്ടുവരാനും മാതാപിതാക്കൾക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. മക്കളുടെ രൂപീകരണത്തിൽ മാതാപിതാക്കളെ കൂടുതൽ ബോധവാന്മാരാക്കുന്ന കർമ്മപദ്ധതികൾ കേരളസഭയിൽ നടപ്പിലാക്കും.

**5. വികസനവും കുടിയൊഴിപ്പിക്കലും:** നീതിയുക്തമായ പുനരധിവാസം ഉറപ്പാക്കിക്കൊണ്ടല്ലാതെ വികസന പദ്ധതികൾക്കായി ആരെയും കുടിയിറക്കാൻ പാടില്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജനറൽ ബോഡി യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. വികസനമെന്നാൽ എന്തെന്ന് കൃത്യമായി നിർവചിക്കപ്പെടേണ്ട സ്ഥിതിയിലാണ് ഇന്നത്തെ കേരളത്തിന്റെ അവസ്ഥ. പാവപ്പെട്ടവർക്കും തദ്ദേശവാസികൾക്കും ദ്രോഹമുണ്ടാക്കുകയും അവരെ അവഗണിക്കുകയും ചെയ്യുന്ന പദ്ധതികളെ യഥാർത്ഥ വികസനമായി കാണാനാവില്ല. കുടിയൊഴിഞ്ഞു പോകേണ്ടി വരുന്നവർക്ക് സമഗ്രവും സമ്പൂർണവുമായ നീതി ഉറപ്പാക്കുകയും വേണം. വല്ലാർപാടം പദ്ധതിക്കുവേണ്ടി മൂലമ്പിള്ളിയിൽ മനുഷ്യത്വരഹിതമായി കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസം ഉറപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഈ വിഷയത്തെ സംബന്ധിച്ച് സഭാനേതൃത്വം ബന്ധപ്പെട്ട അധികാരികളെ പല പ്രാവശ്യം സമീപിച്ചിട്ടുള്ളതാണ്. സർക്കാർ നിലപാട് വാഗ്ദാനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്.

**6. ദളിത് ക്രൈസ്തവരെക്കുറിച്ച് നയരേഖ:** കേരളത്തിലെ ദളിത് ക്രൈസ്തവരുടെ അവസ്ഥകളെക്കുറിച്ച് പഠിക്കുകയും

അവരുടെ ഉന്നമനത്തിനായി സഭയുടെ ഔദ്യോഗിക നിലപാട് വ്യക്തമാക്കുന്നതിന് നയരേഖ രൂപീകരിക്കാൻ തീരുമാനമായി. ദളിത് ക്രൈസ്തവർക്കായുള്ള കമ്മീഷന്റെ ചെയർമാൻ ആലപ്പുഴ മെത്രാൻ സ്റ്റീഫൻ അത്തിപ്പൊഴിയിൽ, തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത തോമസ് മാർ കൂറിലോസ്, ഇടുക്കി രൂപത മെത്രാൻ മാത്യു ആനിക്കുഴിക്കാട്ടിൽ എന്നിവരെ കേരള കത്തോലിക്കാ മെത്രാൻ സമിതി നയരേഖ രൂപീകരണത്തിനായി ചുമതലപ്പെടുത്തി.

**7. കെ.സി.ബി.സി വനിതാനയം:** സഭയിൽ വനിതകൾ നിർവഹിക്കേണ്ട ഉത്തരവാദിത്വങ്ങളും കടമകളും വനിതകളുടെ പ്രാധാന്യത്തെക്കുറിച്ചും കെ.സി.ബി.സി. വനിതാ കമ്മീഷൻ തയ്യാറാക്കിയ നയരേഖ (Gender Policy) മെത്രാൻ സമിതി ചർച്ച ചെയ്തു. വിശദ പഠനത്തിനായി ഇടുക്കി രൂപതാ മെത്രാൻ മാത്യു ആനിക്കുഴിക്കാട്ടിൽ, കണ്ണൂർ രൂപതാ മെത്രാൻ വർഗീസ് ചക്കാലക്കൽ, തിരുവനന്തപുരം മലങ്കര അതിരൂപതാ ശ്രേഷ്ഠ മെത്രപ്പോലീത്ത ബസേലിയോസ് മാർ ക്ലീമിസ്, മാനന്തവാടി രൂപതാ മെത്രാൻ ജോസ് പൊരുന്നേടം എന്നിവരടങ്ങുന്ന കമ്മിറ്റിയെ നിയോഗിച്ചു.

**8. പ്രോ-ലൈഫ് മിനിസ്ട്രി:** ജീവനെ അതിന്റെ എല്ലാ തലങ്ങളിലും സംരക്ഷിക്കുവാനും നിലനിർത്താനും വേണ്ടി കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രോ-ലൈഫ് മിനിസ്ട്രി എല്ലാ രൂപതകളിലും നടപ്പിലാക്കും. കൂടുതൽ മക്കൾക്ക് ജന്മം നൽകാൻ മാതാപിതാക്കളെ പ്രോത്സാഹിപ്പിക്കുകയും മക്കളെ വളർത്താനും രൂപീകരിക്കാനും മാതാപിതാക്കളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ സഭാതലത്തിൽ നടപ്പിൽ വരുത്തും.

**9. ലൈഫ് ഗൈഡൻസ് കോഴ്സ്:** വിവാഹ ഒരുക്കസെമിനാറിന്റെ മാതൃകയിൽ പ്ലസ്ടു തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജീവിത ഒരുക്ക സെമിനാർ രൂപതാതലത്തിൽ നടപ്പിലാക്കും. ലൈഫ് ഗൈഡൻസ് കോഴ്സിനായി കെ.സി.ബി.സി. ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാഠ്യപദ്ധതി തയ്യാറാക്കി കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലും ഏകീകൃതമായി നടപ്പിലാക്കും. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ലൈംഗിക വിദ്യാഭ്യാസ പാഠ്യപദ്ധതി തയ്യാറാക്കി വിദ്യാർത്ഥികൾക്ക് ഇടവകതലത്തിൽ അതിന് പരിശീലനം നൽകും.

**10. ഏകസ്ഥരുടെ പ്രശ്നങ്ങൾ:** സമൂഹത്തിലെ ഏകസ്ഥരുടെ ഇന്നത്തെ ജീവിത അവസ്ഥകളെക്കുറിച്ച് കെ.സി.ബി.സി. ഫാമിലി കമ്മീഷൻ പഠനം നടത്തുകയും ഏകസ്ഥർക്കുവേണ്ടിയുള്ള സേവനങ്ങളും ശുശ്രൂഷകളും രൂപതാ കുടുംബക്ഷേമ വകുപ്പുകൾ വഴി കാര്യക്ഷമമായി നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

**11. മറ്റുള്ളവ:** കേരളം നേരിടുന്ന മദ്യപാനം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ, സഭയുടെ വിദ്യാഭ്യാസപ്രേഷിതത്വം, വചനവർഷാചരണം, ജീസസ് യൂത്ത് പ്രവർത്തനങ്ങൾ, വി. തോമസ് ശ്ലീഹയെക്കുറിച്ച് മദ്രാസ് അതിരൂപത നിർമ്മിക്കുന്ന ഫീച്ചർ ഫിലിം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സമിതികൾക്ക് നൽകുകയും ചെയ്തു.

**ഡോ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.